# വികലവികസനത്തിന്റെ ബലിയാടുകൾ

**(ഡങ്കിപ്പനി- ചില യാഥാർത്ഥ്യങ്ങൾ -മുൻലക്കം തുടർച്ച)**

**ലത്തീഫ്**

ഗവേഷണങ്ങളുടെ ആദ്യഘട്ടത്തെ വിലയിരുത്തിയ പ്രൊഫസർ ചെൻ പറയുന്നു: "ഞങ്ങളുടെ പരീക്ഷണങ്ങൾക്കിടയിൽ രണ്ട് ഗൗരവമായ കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഒന്ന്: കരീബിയൻ മേഖലയിൽ ശരാശരി ഉഷ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഈ പകർച്ചവ്യാധിയുടെ ആക്രമണവും കൂടുന്നു. മൊത്തമായി നോക്കുകയാണെങ്കിൽ, 1990ൽ കരീബിയൻ മേഖലയിൽ 1000 പേർക്ക് ഈ പനി ബാധിച്ചിരുന്നത് 1998ൽ എത്തിയപ്പോൾ 8000 പേരായി ഉയർന്നു. രണ്ട്: ഏകദേശം നാല് വർഷത്തിലൊരിക്കൽ സംഭവിക്കുന്ന എൽ നിനോ (El Nino) പ്രതിഭാസത്തിന്റെ കാലഘട്ടത്തിൽ (പ്രതിഭാസമുണ്ടായി അടുത്ത വർഷമാണ് ഇതിന്റെ ഫലമുണ്ടാകുന്നത്) ഈ പകർച്ചവ്യാധി ഏറ്റവും കൂടുതലാകുന്നു. (പെസഫിക് സമുദ്രത്തിന്റെ ഉഷ്ണമേഖലാ പ്രദേശങ്ങളിലെ സമുദ്രാന്തരീക്ഷ 'കാലാവസ്ഥാ യന്ത്രത്തിൽ' സംഭവിക്കുന്ന പ്രതിഭാസമാണ് എൽ നിനോ. ഇതിന്റെ ഫലമായി ലോക കാലാവസ്ഥയിൽ വ്യതിയാനങ്ങളുണ്ടാകുന്നു; പ്രത്യേകിച്ചും തീര മേഖലകളിൽ).

എൽ നിനോ പ്രതിഭാസമുണ്ടാകുന്ന വർഷത്തിൽ കരീബിയൻ മേഖലയിൽ ചൂട് കൂടുകയും വരൾച്ചയുണ്ടാകുകയും ചെയ്യുന്നു. തൊട്ടടുത്ത വർഷം ചൂട് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. 1995ലുണ്ടായ എൽ നിനോയുടെ ഫലമായി ഈ അവസ്ഥകൾ ഉണ്ടാക്ക മാത്രമല്ല ചെയ്തത് - ഡെങ്ഗേ പനിയുടെ തോതിൽ നാടകീയമായ വർദ്ധനവുണ്ടായി.

പ്രൊഫസർ ചെൻ പറയുന്നത് ഇപ്രകാരം: "കാലാവസ്ഥാ മാറ്റവും ഡങ്ഗേ പനിയും തമ്മിലുള്ള ബന്ധം നേരിട്ടുള്ളതാണോ പാർശ്വഫലാധിഷ്ഠിതമാണോ എന്ന കാര്യം വ്യക്തമായി തെളിയിക്കപ്പെടേണ്ടതുണ്ട്."

ഈ ഗവേഷണത്തിൽ ആദ്യം നടത്തുന്ന അന്വേഷണം മുൻകാല അവസ്ഥകൾ വിലയിരുത്തലാണ് - 21 കരീബിയൻ രാജ്യങ്ങളിൽ കഴിഞ്ഞ 15 വർഷത്തിനിടയിലുണ്ടായ ഡങ്ഗേ പനിയും ഈ മേഖലകളിലെ കാലാവസ്ഥാ മാറ്റങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നാണ് അന്വേഷിക്കുന്നത്. രണ്ടാമതായി, വർത്തമാന അവസ്ഥകളെക്കുറിച്ച് ഊമവിവരവ്യവസ്ഥകൾ ഉപയോഗിച്ച് മൂന്ന് വർഷം തുടർച്ചയായി പഠനങ്ങൾ നടത്തും. കാലാവസ്ഥാമാറ്റങ്ങളും ഈ പകർച്ചവ്യാധിയുടെ വർദ്ധനവും തമ്മിൽ നേരിട്ട് ബന്ധമുണ്ടെന്ന് സ്ഥിതിവിവരക്കണക്കുകൾ പ്രകാരം തെളിയിക്കപ്പെട്ടാൽ എന്ത് നടപടികൾ സ്വീകരിക്കും?

പ്രൊഫസർ ചെൻ പറയുന്ന മറുപടി ഇപ്രകാരം : "കാലാവസ്ഥാ മാറ്റങ്ങൾ തടയാൻ നമുക്ക് കഴിയില്ലായിരിക്കാം. പക്ഷെ, പൊതുജനാരോഗ്യഫലത്തെ നിയന്ത്രിക്കാൻ നമുക്ക് കഴിയും. വർദ്ധിക്കുന്ന ചൂടും മഴയും ഡങ്ഗേ പനിയുടെ വർദ്ധനവിന് കാരണമാകുന്നുവെന്ന് തെളിയിക്കാൻ കഴിഞ്ഞാൽ പൊതുജനത്തേയും സർക്കാരുകളേയും ഈ പ്രശ്നത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രശ്നത്തെ എങ്ങിനെ നേരിടാമെന്ന് വ്യക്തമാക്കിക്കൊടുക്കാനും കഴിയും."

"ഈ രംഗത്ത് വിജയം വരിക്കാൻ ഫലപ്രദമായ പരിസ്ഥിതി പരിപാലന സംവിധാനങ്ങൾ ആവശ്യമാണ്. ഇത്തരം സംവിധാനങ്ങൾ കടലാസിൽ എഴുതിയത് കാണുമ്പോൾ വളരെ ലളിതമാണെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ നടപ്പിലാക്കാൻ വളരെ വിഷമതകളുണ്ട്." ഡോ. റോളിൻസ് പറയുന്നു.

റോളിൻസ് പറയുന്ന ഉദാഹരണം ശ്രദ്ധേയമാണ്. "ജലം ശേഖരിക്കുന്ന മൂടികളില്ലാത്ത വീപ്പകൾ രോഗവ്യാപനം പരത്തുന്ന കൊതുകുകളുടെ മുഖ്യ പ്രജനന കേന്ദ്രമാണ്. ഇതിനെതിരെയുള്ള നടപടി ഒറ്റ വാചകത്തിൽ പറയാം. : വീപ്പകൾ മൂടി വെക്കുക. പക്ഷെ, പൊതുജനാരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർ ശ്രദ്ധിക്കാത്ത ഒരു കാര്യമുണ്ട്. : മൂടി വെക്കപ്പെടേണ്ട അസംഖ്യം വീപ്പകളാണുള്ളത്. കഴിഞ്ഞ കുറേ ദശകങ്ങൾക്കിടയിൽ ട്രിനിഡാഡിലും മറ്റ് കരീബിയൻ ദ്വീപുകളിലും പൊതുജനാരോഗ്യ സംവിധാനവും ശുദ്ധജലവിതരണ സംവിധാനങ്ങളും തകർന്നിരിക്കുകയാണ്. ട്രിനിഡാഡിന്റെ കിഴക്കൻ മേഖലകളിൽ 80 ശതമാനം വീടുകളിലും മഴവെള്ളം ശേഖരിക്കാനുള്ള വീപ്പകൾ ഉപയോഗിച്ചാണ് ജലലഭ്യതയുടെ പ്രശ്നങ്ങളെ നേരിടുന്നത്. തുറന്നുവെക്കുന്ന വീപ്പകൾ കാരണമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് മിക്ക ജനങ്ങളും ബോധവന്മാരല്ല. അതുകൊണ്ട്, പൊതുജനബോധവൽക്കരണ പരിപാടികളും വിദ്യാഭ്യാസപരിപാടികളും ആവശ്യമാണ്.

ഇപ്പോൾ നടക്കുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി ഏകദേശം 20 രാജ്യങ്ങളിൽ 20 ഓളം പരിപാടികളാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ പദ്ധതികളിൽ കാലാവസ്ഥാ മാറ്റങ്ങളും മറ്റ് ജീവിത പ്രശ്നങ്ങളും തമ്മിലുള്ള ബന്ധങ്ങളും ഇവയുടെ പരിഹാര മാർഗ്ഗങ്ങളും അന്വേഷിക്കുന്നതാണ് എന്ന് START (സ്റ്റാർട്ട്) പദ്ധതിയുടെ ഡെപ്യൂട്ടി ഡയറക്ടർ ഹസൻ വിർജി പറയുന്നു.

ഹസൻ വിർജി പറയുന്നത് ഈ പദ്ധതികളുടെ ലക്ഷ്യം "കഴിയാവുന്നത്ര വികസ്വര രാജ്യങ്ങൾക്ക്, കാലാവസ്ഥാമാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെ വിലയിരുത്തി പ്രാദേശികമായ പരിസ്ഥിതി - ഓകസ്തന്ത്ര (ENVIRONMENTAL & ECOLOGICAL) പരിഹാരമാർഗ്ഗങ്ങൾ വികസിപ്പിക്കാനുള്ള സൗകര്യം നൽകുക എന്നതാണ്. പക്ഷെ, ഈ ലക്ഷ്യം രോഗ ചികിത്സ മാത്രമാണ് ഉദ്ദേശിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. രോഗകാരണമാകുന്ന, മനുഷ്യസൃഷ്ടമായ കാലാവസ്ഥാ വ്യതിയാന കാരണങ്ങൾ ഇല്ലാതാക്കാൻ അമേരിക്കയടക്കമുള്ള വികസിതരാജ്യങ്ങൾ തയ്യാറല്ല എന്ന് ജൊഹന്നാസ്ബർഗിൽ നടന്ന സുസ്ഥിരവികസന ഉച്ചകോടിയിൽ വെളിവാക്കപ്പെട്ടിരുന്നു.

ആരോഗ്യമുള്ള ശരീരത്തെ ഒരു രോഗത്തിനും കീഴ്പ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ആരോഗ്യം ഉറപ്പാക്കുകയാണ് ആവശ്യം. രോഗചികിത്സയേക്കാൾ ബുദ്ധിമുട്ടില്ലാതെ നേടാവുന്നതാണ് ഇത്. പക്ഷെ, ശുദ്ധവായുവും, ശുദ്ധജലവും, ശുദ്ധഭക്ഷണവും ഇല്ലാതാകുന്ന വികസനപ്രക്രിയയെ തടയാതെ ആരോഗ്യം ഉറപ്പുവരുത്തൽ നടക്കില്ല. അത് കൊണ്ട്, ഡങ്ഗേ പനിയുടേയും മറ്റ് പകർച്ചവ്യാധികളുടെയും ബലിയാടുകൾ ഒരു തരത്തിൽ വികലവികസനത്തിന്റെ ബലിയാടുകളാണെന്ന കാര്യത്തിൽ സംശയമില്ല. പകർച്ചവ്യാധികളെ നേരിടാനുള്ള താൽക്കാലിക- അടിയന്തിര സംവിധാനങ്ങൾ വേണ്ട എന്നല്ല പറയുന്നത് - സുസ്ഥിരമായി ഇവയെ തടയുക എന്നതായിരിക്കണം യഥാർത്ഥ ലക്ഷ്യം. പക്ഷെ, ശാസ്ത്രീയപദ്ധതികൾ മിക്കവാറും താൽക്കാലിക പരിഹാരങ്ങൾക്ക് ഊന്നൽ നൽകുന്നതായിട്ടാണ് കാണുന്നത്. പക്ഷെ, രോഗമില്ലാതിരുന്നാൽ മരുന്ന് കുത്തകകൾ കട പൂട്ടേണ്ടി വരും. അതുകൊണ്ട് മറ്റ് കുത്തക കുട്ടുംബക്കാരും ചേർന്ന് വികലവികസന നയങ്ങളെ ലോകം മുഴുവൻ നടപ്പിലാക്കുമ്പോൾ എതിർവഴികൾ ഏതെന്ന് അന്വേഷിക്കേണ്ടത് അനിവാര്യമാണ്. ഡങ്ഗേ പനിയുടെ ഭീതിയുളവാക്കുന്ന മരണക്കണക്കുകൾക്കപ്പുറം പോകാൻ മുഖ്യ മാധ്യമങ്ങളും സർക്കാരുകളും തയ്യാറാകാത്തതിന് പിന്നിലും ഈ വികലവികസനത്തിന്റെ സ്വാധീനമാണ്.

അവലംബം: തേഡ് വേൾഡ് അക്കാദമി ഓഫ് സയൻസിന്റെയും ഗ്ലോബൽ എൻവയോൺമെന്റ് ഫസിലിറ്റിയുടെയും റിപ്പോർട്ടുകൾ.